ശബരിമല വാർത്താക്കുറിപ്പ്
15.01.2025
മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## വനത്തിനുള്ളിൽ സേനയുടെ റസ്ക്യു ഓപ്പറേഷൻ

ശബരിമലയ്ക്ക് സമീപം കുന്നാർ ഡാം വനത്തിനുള്ളിലെ പോലിസ് ഡ്യൂട്ടി സ്ഥലത്ത് നിന്നും ശരീരികാസ്വാസ്ഥ്യമുള്ള വ്യക്തിയെ ആശുപത്രിയി ലെത്തിച്ചു. പെരിയാർ ടൈഗർ റിസർവ് വനമേഖലയിൽ എട്ടു കിലോമീറ്റർ ഉള്ളിൽ നിന്നാണ് പോലിസ് ഔട്ട് പോസ്റ്റിലെ പാചകക്കാരനായ ഹരിപ്പാട് സ്വദേശി ശശിയെ (62 വയസ്സ്) സേനാംഗങ്ങൾ രക്ഷപെടുത്തിയത്.

ജനുവരി 14 ന് രാത്രി 12:45 ന് ശബരിമല എ ഡി എം അരുൺ എസ് നായർ സന്നിധാനത്തെ എൻ ഡി ആർ എഫ് ബറ്റാലിയനെ വിവരം അറിയിച്ചു. തുടർന്ന് 1:15 ഓടെ 12 പേരടങ്ങുന്ന എൻഡിആർഎഫ്, ഫയർ ആൻഡ് റസ്ക്യുവിലെ എട്ടു പേർ, നാല് വനം വകുപ്പ് ഉദ്യോഗസ്ഥർ, സന്നിധാനത്തെ എമർജൻസി ഓപ്പറേഷൻ സെന്ററിലെ ഉദ്യോഗസ്ഥൻ എന്നിവരടങ്ങുന്ന സംഘം കുന്നാർ ഡാം മേഖലയിലേക്ക് തിരിച്ചു.

വന്യമൃഗങ്ങളുള്ള വനത്തിലൂടെയുള്ള ദുഷ്കരമായ രാത്രി യാത്രയിൽ മഴയും ഇരുട്ടും കൂടുതൽ തടസമായി. രാത്രി 3:30ന് കുന്നാർ ഡാം പോലീസ് പോസ്റ്റിൽ എത്തിയ സംഘം രോഗിയെ സ്ട്രെച്ചറിൽ വനത്തിനുള്ളിൽ നിന്നും പുറത്ത് എത്തിച്ചു. വെളുപ്പിന് 6:15 ന് ശശിയെ സന്നിധാനത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പനിയും അമിത രക്തസമ്മർദ്ദവും കാരണമാണ് ശശിക്ക് തളർച്ചയും അസ്വസ്ഥതയുമുണ്ടായതെന്ന് ഡോക്ടർ അറിയിച്ചു.

സന്നിധാനത്ത് കുടിവെള്ളം എത്തിക്കുന്ന പ്രധാന സ്രോതസാണ് പെരിയാർ ഉൾവനത്തിനുള്ളിലെ കുന്നാർ ചെക്ക് ഡാം. ശബരിമല സീസണിൽ സുരക്ഷയുടെ ഭാഗമായി കൂടുതൽ പോലീസുകാരെ ഡാം പ്രദേശത്ത് വിന്യസിക്കാറുണ്ട്.

## ജനുവരി 19 വരെ സ്പോട്ട് ബുക്കിംഗ്

ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി അയ്യപ്പഭക്തർക്ക് ദർശനം അനുവദിക്കുന്ന ജനുവരി 19 വരെ ഉണ്ടായിരിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി, വണ്ടിപ്പെരിയാർ, പന്തളം എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിങ്ങിന് സൗകര്യം ഉള്ളത്. വിർച്വൽ ക്യു ബുക്കിംഗും ജനുവരി 19 വരെ ഉണ്ടാകും. ജനുവരി 17 വരെയാണ് തിരുവാഭരണം അണിഞ്ഞുള്ള ദർശനം ലഭിക്കുക. ജനുവരി 18 വരെയാണ് നെയ്യഭിഷേകം. ജനുവരി 19ന് രാത്രി മാളികപ്പുറത്ത് ഗുരുതി നടക്കും. 20ന് പന്തളം രാജപ്രതിനിധി ദർശനം നടത്തിയ ശേഷം മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് നടയടക്കും.

## മകരവിളക്കിന് ശേഷം തീർഥാടകരെ സുരക്ഷിതമായി മലയിറക്കാനായി: പോലിസ് സ്പെഷ്യൽ ഓഫീസർ വി. അജിത്

മകരവിളക്കിന് ശേഷം തീർഥാടകരെ സുരക്ഷിതമായി മലയിറക്കാനായതായി സന്നിധാനം പോലിസ് സ്പെഷ്യൽ ഓഫീസർ വി. അജിത് പറഞ്ഞു. 5000 പോലീസുകാരെയാണ് ഇത്തവണ ശബരിമല തീർഥാടനത്തിനായി വിന്യസിച്ചത്. ഇതിൽ 1800ഓളം പേരാണ് സന്നിധാനത്ത് സേവനമനുഷ്ഠിച്ചത്. പോലീസിനോടൊപ്പം പാരാ മിലിട്ടറി സേനകളായ എൻഡിആർഎഫ്ന്റെ 48 പേർ, ആർപിഎഫിന്റെ 115 പേർ, ഫയർഫോഴ്സ്, റവന്യു വകുപ്പ്, ദേവസ്വം ബോർഡ് തുടങ്ങിയവരുടെ മികച്ച സഹകരണമാണ് കൃത്യമായി ക്രമീകരണങ്ങൾ നടപ്പിലാക്കാൻ സഹായിച്ചത്. പ്രധാനപ്പെട്ട വിഷയങ്ങളിൽ ഹൈക്കോടതി നിർദേശങ്ങൾ നൽകിയതും അത് നടപ്പാക്കാൻ ദേവസ്വം ബോർഡിന്റെ സഹകരണവും എടുത്തുപറയേണ്ടതാണ്.

മകരവിളക്കിന് മുന്നോടിയായി കാര്യങ്ങൾ വിലയിരുത്താൻ സംസ്ഥാന പോലിസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ്

ശബരിമല സന്ദർശിച്ചിരുന്നു. ഇത് സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കി. ഏറ്റവും പധാനപ്പെട്ട പതിനെട്ടാംപടിയിൽ സേവനം നടത്തുന്ന പോലീസുകാരെ ഡിജിപി നേരിട്ടുകണ്ട് അഭിനന്ദിച്ചു. ശബരിമല ചീഫ് പോലീസ് കോ ഓർഡിനേറ്റർ എഡിജിപി എസ് ശ്രീജിത്ത് സുരക്ഷാകാര്യങ്ങൾ വിലയിരുത്തുന്നതിനുള്ള സെക്യൂരിറ്റി ഓഡിറ്റിൽ നേരിട്ട് പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകി. ഡിഐജി അജിത ബീഗം, ഐ ജി ശ്യാംസുന്ദർ, എഡിജിപി ലോ ആൻഡ് ഓർഡർ മനോജ് എബ്രഹാം ഉൾപ്പടെയുള്ള ഉന്നത പോലിസ് ഉദ്യോഗസ്ഥർ ശബരിമല പോലീസ് ക്രമീകരണ മുന്നൊരുക്കത്തിന് നൽകിയ നിർദേശങ്ങൾ മുതൽക്കൂട്ടായി.

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി എസ് പ്രശാന്ത്, ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണങ്ങൾ നിസ്സീമമാണ്. സിവിൽ പോലീസ് ഓഫീസർ മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെ എല്ലാവരുടെയും സേവനങ്ങൾ വിലമതിക്കുന്നു.

പോലീസിന്റെ സുരക്ഷാ നിർദ്ദേശങ്ങൾ കൃത്യമായി പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങൾ സഹായിച്ചു. മകരജ്യോതി ദർശനത്തിനായി ക്യാമ്പ് ചെയ്തിരുന്ന രണ്ടരലക്ഷത്തോളം ഭക്തന്മാർക്ക് ഏറ്റവും അടുത്തുള്ള എക്സിറ്റ് റൂട്ടുകൾ നിശ്ചയിച്ചു നൽകി. ഈ വിവരം ഇംഗ്ലീഷ് മലയാളം തമിഴ്, കന്നഡ, തെലുഗു ഭാഷകളിൽ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചു. ഗുരുസ്വാമിമാർക്ക് റൂട്ട് വിവരങ്ങൾ വാട്സാപ്പിലൂടെയും അയച്ചുനൽകി. എക്സിറ്റ് റൂട്ടുകളിൽ എല്ലാം അഞ്ചു തവണ പോലീസ് നേരിട്ട് പരിശോധനകൾ നടത്തി ക്രമീകരണങ്ങൾ ഉറപ്പാക്കിയത് ഭക്തരെ യഥാസമയം സുരക്ഷിതമായി മലയിറക്കാൻ സഹായിച്ചതായി പോലിസ് സ്പെഷ്യൽ ഓഫീസർ വിശദീകരിച്ചു. ഇത് പ്രചരിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം പിആർഡിയും നടത്തി.

## സന്നിധാനത്ത് ഹോട്ടുകളിലും കടകളിലും 221 പരിശോധനകൾ; 41 കേസുകൾ, മൂന്ന് ലക്ഷം രൂപ പിഴ

മകരവിളക്കിനോടനുബന്ധിച്ച് സന്നിധാനത്തെ ഹോട്ടലുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 41 കേസുകളിൽ നിന്നായി 30,2000 രൂപ പിഴയായി ഈടാക്കി. വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന കടകൾ, അധിക വില ഈടാക്കിയത്, അളവിലും തൂക്കത്തിലും കൃത്രിമം തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തിയ സ്ഥാപനങ്ങളിൽ നിന്നാണ് പിഴ ഈടാക്കിയത്.
സന്നിധാനം ഡ്യൂട്ടി മജിസ്ട്രേറ്റ് ജി.വി. പ്രമോദ്, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ബാബു കെ ജോർജ് എന്നിവരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡാണ് കഴിഞ്ഞ ഏഴു ദിവസമായി കർശന പരിശോധനകൾ നടത്തിയത്.
13 പേരടങ്ങുന്ന രണ്ട് സ്ക്വാഡുകളായാണ് പരിശോധന. റവന്യൂ, ലീഗൽ മെട്രോളജി, സപ്ലൈകോ, ആരോഗ്യം എന്നീ വകുപ്പുകളാണ് സംയുക്ത സ്ക്വാഡിലുള്ളത്. വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുകയും തുടർച്ചായി നിയമലംഘനം കണ്ടെത്തുകയും ചെയ്യുന്ന ഹോട്ടലുകളെയും സ്ഥാപനങ്ങളെയും കരിമ്പട്ടികയിൽപ്പെടുത്തി അടുത്ത വർഷങ്ങളിൽ സന്നിധാനത്ത് വ്യാപാരം നടത്തുന്നതിൽ നിന്ന് ഒഴിവാക്കും.

## സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കി ആലങ്ങാട്, അമ്പലപ്പുഴ സംഘങ്ങളുടെ ശീവേലി

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ശബരിമല സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കി അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങളുടെ ശീവേലി എഴുന്നള്ളത്ത്. ബുധനാഴ്ച വൈകിട്ട് അഞ്ചിന് മാളികപ്പുറം മണി മണ്ഡപത്തിൽ നിന്നും സന്നിധാനത്തേക്ക് സ്വാമി അയ്യപ്പന്റെ മാതൃസ്ഥാനീയരായി കരുതപ്പെടുന്ന അമ്പലപ്പുഴ സംഘത്തിന്റേതായിരുന്നു ആദ്യ എഴുന്നള്ളത്ത്. സമൂഹ പെരിയോൻ എൻ.ഗോപാലകൃഷ്ണ പിള്ളയുടെ നേതൃത്വത്തിൽ മുന്നൂറോളം പേരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. വാദ്യമേളങ്ങളുടെ അകമ്പടിയോടെ മാളികപ്പുറം മേൽശാന്തി പൂജിച്ചുനൽകിയ തിടമ്പും പന്തളത്ത് നിന്നും

തിരുവാഭരണത്തോടൊപ്പം എത്തിയ കൊടിക്കൂറയും എഴുന്നള്ളിച്ചു. സാമിമാരും മാളികപ്പുറങ്ങളും കർപ്പൂരതാലം ഏന്തി എഴുന്നള്ളത്തിൽ അണിനിരന്നു. പതിനെട്ടാം പടിയിൽ കർപ്പൂരാരതി നടത്തി. ക്ഷേത്രം പ്രദക്ഷിണം ചെയ്ത് മാളികപ്പുറത്ത് എത്തി ഇറക്കി എഴുന്നള്ളിച്ചു. മാളികപ്പുറത്തു നിന്ന് തിരികെ എത്തി തിരുവാഭരണം ചാർത്തിയ അയ്യപ്പവിഗ്രഹം ദർശിച്ച് വിരിയിൽ എത്തി കർപ്പൂരാഴി പൂജ നടത്തിയതോടെ പത്തുനാൾ നീണ്ട അമ്പലപ്പുഴ സംഘത്തിന്റെ ശബരിമല തീർഥാടനത്തിന് സമാപനമായി. മകരവിളക്ക് ദിവസം രാവിലെ നെയ്യഭിഷേകവും അത്താഴപൂജയ്ക്ക് മഹാനിവേദ്യവും നടത്തിയ ശേഷമായിരുന്നു എഴുന്നള്ളത്ത്.

അയ്യപ്പസ്വാമിയുടെ പിതൃസ്ഥാനീയരായി കരുതപ്പെടുന്ന ആലങ്ങാട് സംഘത്തിന്റെ കർപ്പൂര താലം എഴുന്നള്ളത്തും സന്നിധാനത്ത് നടന്നു. പെരിയോൻ എ കെ വിജയകുമാർ സ്വാമിയുടെ നേതൃത്വത്തിൽ അയ്യപ്പനെ ഭജിച്ച് നീങ്ങിയ 250 ഓളം വരുന്ന സംഘം ഭക്തിയുടെ നിറവിൽ ചുവടുവെച്ചു. മാളികപ്പുറത്ത് മണിമണ്ഡപത്തിൽ നിന്നും പൂജിച്ച് വാങ്ങിയ ഗോളകയും കൊടിക്കൂറയും തിരുവാഭരണത്തോടൊപ്പം എത്തിയ തിടമ്പും ചാർത്തിയാണ് കർപ്പൂര താലം എഴുന്നള്ളിയത്. ശുഭ്രവസ്ത്രം ധരിച്ച് കർപ്പൂര താലമേന്തി യോഗാംഗങ്ങൾ അണിനിരന്നു. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പതിനെട്ടാംപടിയിൽ എത്തിയ ശേഷം പടികൾ കഴുകി കർപ്പൂര പൂജയും ആരാധനയും നടത്തി. തുടർന്ന് അയ്യപ്പദർശന ശേഷം മാളികപ്പുത്തേക്ക് മടങ്ങി.

**പുഷ്പവൃഷ്ടിയാൽ സുഗന്ധം പരത്തി പടിപൂജ**

ശബരിമല തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് ബുധനാഴ്ച സ്ന്ധ്യയ്ക്ക് 7.30ന് തുടക്കമായി. വ്രതാനുഷ്ഠാനങ്ങളോടെ ഇരുമുടിക്കെട്ടേന്തി മാത്രം ദർശനത്തിനായി ഭക്തർ കയറുന്ന പവിത്രമായ പതിനെട്ടു പടികളിലും പൂക്കളും പട്ടുവസ്ത്രങ്ങളും ദീപങ്ങളും അർപ്പിച്ചാണ് പടിപൂജ നടത്തിയത്. ദീപപ്രഭയിൽ ജ്വലിച്ച് പുഷ്പവൃഷ്ടിയാൽ സുഗന്ധം പരത്തിനിന്ന പതിനെട്ടുപടികളുടെ അപൂർവ്വ കാഴ്ച സന്നിധാനത്ത് ഭക്തർക്ക് സായൂജ്യമേകി.

ദീപാരാധനയ്ക്ക് ശേഷം തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ കാർമ്മികത്വത്തിലും മേൽശാന്തി എസ് അരുൺകുമാർ നമ്പൂതിരിയുടെയും കീഴ്ശാന്തി കൃഷ്ണൻ പോറ്റിയുടെയും സഹകാർമികത്വത്തിലുമാണ് ഒരു മണിക്കൂറോളം സമയം നീണ്ടു നിന്ന പടിപൂജ നടന്നത്.

പൂജയുടെ തുടക്കത്തിൽ പതിനെട്ടാംപടി കഴുകി വൃത്തിയാക്കി നടുക്കായി പട്ടുവിരിച്ചു. പട്ടിന്റെ ഇരുവശത്തും വലിയ ഹാരങ്ങൾ കൊണ്ട് അലങ്കരിച്ചു. പതിനെട്ടു പടികളിൽ ഇരുവശത്തും നിലവിളക്ക് കത്തിച്ചു നാളികേരവും പൂജാ സാധനങ്ങളും വച്ചു. പിന്നീട് ഓരോ

പടികളിലും കുടികൊള്ളുന്ന മലദൈവങ്ങൾക്ക് പൂജ നടത്തി. ഓരോ പടിയിലും ദേവചൈതന്യം ആവാഹിച്ചിട്ടുണ്ടെന്നാണ് വിശ്വാസം. ശബരിമല അടക്കമുള്ള പതിനെട്ട് മലകളെയാണ് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്നും സങ്കൽപ്പമുണ്ട്. ബുധനാഴ്ച്ച വൈകിട്ട് നട തുറന്നപ്പോൾ ദർശനം നടത്തിയ ആയിരത്തിലധികം ഭക്തജനങ്ങൾക്ക് അപൂർവമായ പടിപൂജ കാണാനും ഭാഗ്യമുണ്ടായി. ഭക്തർക്ക് ശബരിമലയിൽ നടത്താൻ കഴിയുന്ന ഏറ്റവും ചെലവേറിയ വഴിപാടാണ് പടിപൂജ.